10945

കേരള സർക്കാർ

നം.1160775/എ1/2017/സാ.നീ.വ.

സാമൂഹ്യനീതി (എ) വകുപ്പ്,
തിരുവനന്തപുരം, തീയതി,25/01/2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ &
അണ്ടർ സെക്രട്ടറി

സ്വീകർത്താവ്
അഡ്വ ജോസഫ് ജോർജ്
ചെങ്ങന്നൂർ പി ഒ,
പിൻ- 689 121

E!!

OFFICE OF THE DIRECTOR OF SOCIAL JUSTICE * TRIVANDRUM *
28 JAN 2017

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശനിയമം - 2005 – വിവരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 23/01/2017-ൽ ഈ ഓഫീസിൽ ലഭിച്ച താങ്കളുടെ 16-01-2017 – ലെ വിവരാവകാശനിയമ പ്രകാരമുള്ള അപേക്ഷ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.ചോദ്യം നം.5, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേക് സ്ഥിര നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിലേക്കായി സാമൂഹ്യ നീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത്തിന്മേൽ നടപടികൾ സ്വീകരിച്ചു വരികയുമാണ്. പ്രസ്തുത ഫയലിലെ കുറിപ്പ് ഫയലിന്റെ 29 പുറങ്ങളുടെ പകർപ്പ് ലഭിക്കുന്നതിനായി പുറം ഒന്നിന് 2 രൂപ ക്രമത്തിൽ 29 പുറങ്ങൾക്കു 58 രൂപ "0070-60-118-99- Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ അടച്ച് അസ്സൽ രസീത് ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു. വിവരാവകാശനിയമ പ്രകാരം ആവശ്യപ്പെട്ട മറ്റു വിവരങ്ങൾക്ക് താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി വിവരാവകാശ നിയമം 2005 സെക്ഷൻ 6(3) പ്രകാരം അപേക്ഷയുടെ പകർപ്പ് സാമൂഹ്യനീതി ഡയറക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

2. ടി മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ ഇതിനെതിരെ ഒരു മാസത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഈ വകുപ്പിലെ അപ്പീൽ അധികാരിയുടെ പേരും, വിലാസവും താഴെ ചേർക്കുന്നു.

ശ്രീമതി.കെ.എം. ലീലാമണി,
അഡീഷണൽ സെക്രട്ടറി & അപ്പീൽ അധികാരി
സാമൂഹ്യനീതി വകുപ്പ്,
റൂം നമ്പർ 108, ഗ്രൗണ്ട് ഫ്ളോർ,
നോർത്ത് ബ്ലോക്ക്, സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം, ഫോൺ. 2518373.

RTI

വിശ്വസ്തതയോടെ,

(ഒപ്പ്)

കെ.ജെ. ബീനമോൾ,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ &
അണ്ടർ സെക്രട്ടറി
ഫോൺ-0471 2518616

പകർപ്പ് :- സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ (വിവരാവകാശ നിയമ പ്രകാരം അപേക്ഷകന് നേരിട്ട് വിവരം നൽകുന്നതിനായി അപേക്ഷയുടെ അസ്സൽ പകർപ്പ് സഹിതം)

RL 047508853 IN
21/1/17

# വിവരാവകാശ നിയമം - 2005 - പ്രകാരമുള്ള അപേക്ഷ

1160775

പ്രേക്ഷിതൻ,

അഡ്വ.ജോസഫ് ജോർജ്,
ചെങ്ങന്നൂർ പി.ഒ,
പിൻ - 689 121

COURT FEE
10 Rs.
भारत INDIA
दस रुपये
TEN RUPEES

സ്വീകർത്താവ്,

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്,
ഗവ. സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

JAN 2017

സർ,

വിഷയം : **സാമൂഹ്യനീതി വകുപ്പിലെ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ഒഴിവുകളിലേക്കുള്ള നിയമനം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടുന്നത്.**

വിവരാവകാശ നിയമ പ്രകാരം ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിൽ നിലവിൽ എത്ര വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നു ?
2. ഒഴിവുകൾ ഏതെല്ലാം ജില്ലകളിൽ ?
3. എത്ര നാളായി ടി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു ?
4. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നത് എപ്രകാരമാണ് ? ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്.
5. ടി തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.
   (ഇതു സംബന്ധിച്ച കുറിപ്പു ഫയലിന്റെ പകർപ്പു സഹിതം)
6. വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ എത്ര ശതമാനം ഒഴിവുകളാണ് റഗുലർ പ്രൊമോഷൻ മുഖേന നിയമിക്കേണ്ടത് ?
7. (a) റഗുലർ പ്രൊമോഷൻ നടത്തുന്നതിന് ഫീഡർ തസ്തിക നിശ്ചയിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കുക.
   (b) റഗുലർ പ്രൊമോഷന് ഫീഡർ തസ്തികയ്ക്കുള്ള റേഷ്യോ മാനദണ്ഡം എപ്രകാരമാണ് ?

8. നിലവിൽ ഒഴിഞ്ഞു കിടക്കുന്ന വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ തസ്തികകളിൽ ടി ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ എന്തെന്നു വ്യക്തമാക്കുക.

9. ബൈട്രാൻസ്ഫർ നിയമനം വഴി ഒഴിവുകൾ നികത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

10. ബൈട്രാൻസ്ഫർ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡം എന്താണ് ?

11. ടി യോഗ്യതകൾ ഉള്ള ജീവനക്കാർ എത്രപേർ സാമൂഹ്യനീതി വകുപ്പിലുണ്ട് ? (ആയതിന്റെ ലിസ്റ്റ് ജില്ല തിരിച്ച്)

12. നിശ്ചിത യോഗ്യത ഉള്ളവരെ ഉൾക്കൊള്ളിച്ചു കൊണ്ട് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്.

13. വർക്കിംഗ് അറേഞ്ച്മെന്റിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരായി സേവനം അനുഷ്ഠിക്കുവാൻ താല്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നോ ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്.

14. എത്ര അപേക്ഷകൾ ലഭ്യമായി ? ഏതെല്ലാം ജില്ലകളിൽ ?

15. എത്ര പേരേ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചു ? ഏതു ജില്ലകളിൽ ?

16. വ്യക്തമായ സർക്കാർ ഉത്തരവുകൾ ഉണ്ടായിട്ടും, അർഹരായ വനിതാ ജീവനക്കാർ വകുപ്പിൽ ഉണ്ടായിട്ടും, വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ഒഴിവുകൾ നികത്താതിരിക്കുന്നതിന് പ്രത്യേക കാരണങ്ങൾ എന്തെങ്കിലും ഉണ്ടോ ? ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുക ?

17. വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് കോടതി കേസുകൾ നിലവിലുണ്ടോ ? ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം.

വിശ്വസ്തതയോടെ

ജോസഫ് ജോർജ്

ചെങ്ങന്നൂർ
16.01.17